V. സബ്മിഷൻ

(1) കഞ്ചിക്കോട് ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ സ്ഥിരമായി ഡോക്ടർമാരില്ലാത്തതുകൊണ്ടുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. എ. കെ. ബാലൻ: പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ ആവശ്യത്തിന് ഡോക്ടർമാരില്ലാത്തതുമൂലം വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും യഥാസമയം ചികിൽസ ലഭിക്കാതെ ദുരിതം അനുഭവിക്കുകയാണ്. കഞ്ചിക്കോട് ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ രണ്ട് ഡോക്ടർമാർ വേണ്ടിടത്ത് ഇപ്പോൾ ഒരു ഡോക്ടർ മാത്രമാണുള്ളത്. പാലക്കാട് ഇ.എസ്.ഐ. ഹോസ്പിറ്റലിൽ അനസ്തേഷ്യ ഡോക്ടർ ഇല്ലാത്തതുകൊണ്ട് ഓപ്പറേഷൻ ഒന്നും നടക്കുന്നില്ല. അവിടെ ഓപ്പറേഷൻ തീയേറ്ററുണ്ട്. തൊഴിലാളികൾ ചികിൽസയ്ക്ക് സ്വകാര്യ ആശുപത്രികളിൽ പോകേണ്ട അവസ്ഥയാണിപ്പോഴുള്ളത്. തൊഴിലാളികൾക്ക് ലഭിക്കേണ്ട മെഡിക്കൽ റീ-ഇംബേഴ്സുമെന്റ് ആനുകൂല്യം അനാവശ്യമായ കാലതാമസം ഒഴിവാക്കി യഥാസമയം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. മദ്രാസ് സ്പിന്നിംഗ് മില്ലിലെ ഒരു തൊഴിലാളിയായ മണി ഹാർട്ട് അറ്റാക്ക് വന്നു യഥാസമയം ചികിൽസ ലഭിക്കാത്തതുമൂലം മരിച്ചു. പല കമ്പനികളും തൊഴിലാളികളുടെ ശമ്പളത്തിൽ നിന്ന് ഇ.എസ്.ഐ. വിഹിതം പിടിക്കുന്നുണ്ടെങ്കിലും അത് യഥാസമയം ഇ.എസ്.ഐ.-ക്ക് ലഭിക്കുന്നില്ല. ഇക്കാര്യം സർക്കാർ ഗൗരവപൂർവ്വമായി എടുക്കണം. തൊഴിലാളികളിൽ നിന്ന് കൃത്യമായി ഇ.എസ്.ഐ. വിഹിതം പിടിക്കുന്നുണ്ടെങ്കിലും തൊഴിലാളികൾക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ മെച്ചമായ ചികിൽസ സൗകര്യങ്ങൾ ഇ.എസ്.ഐ. ഡിസ്പെൻസറികളിൽ നിന്നു ലഭിക്കുന്നില്ല.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ബഹുമാനപ്പെട്ട ശ്രീ. എ. കെ. ബാലൻ സബ്മിഷൻ എഴുതി തന്നപ്പോൾ കഞ്ചിക്കോട് ഡിസ്പെൻസറിയുടെ കാര്യം മാത്രമാണ് പരാമർശിച്ചത്. മറ്റ് പൊതുവായി പറഞ്ഞ കാര്യങ്ങൾ പരിശോധിച്ച് തീർച്ചയായിട്ടും അത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാം. ഈ ഡിസ്പെൻസറിയിൽ ഒരു മാസത്തെ ഗ്യാപ് ഡോക്ടറെ നിയമിക്കുന്നതു സംബന്ധിച്ച് ഉണ്ടായിട്ടുണ്ട്. മറ്റൊന്നും കൊണ്ടല്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും വിളിച്ചിട്ടും നമുക്ക് ആവശ്യമായ ഡോക്ടർമാരെ കിട്ടുന്നില്ല. 111 ഡോക്ടർമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നു വിളിച്ചിട്ട് ഏഴ് പേരെ മാത്രമാണ് കിട്ടിയത്. അതുകൊണ്ട് കരാർ അടിസ്ഥാനത്തിൽ 5-1-2005 മുതൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. പോരാത്ത ഡോക്ടർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ച മറ്റ് ഏതെങ്കിലും ആശുപത്രിയിൽ ഇതുപോലെ പോരായ്മ ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly